പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5843

9.7.2012-ൽ
മറുപടിക്ക്

**കോഴിക്കോട് കോട്ടൂളി, വേങ്ങേരി വില്ലേജുകളിൽ തണ്ണീർത്തടങ്ങളും നെൽവയലുകളും നികത്തുന്നതിനെതിരെ നടപടി**

ചോദ്യം
ശ്രീ.എ.പ്രദീപ്കുമാർ:

ഉത്തരം
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) കോഴിക്കോട് താലൂക്കിൽ കോട്ടൂളി, വേങ്ങേരി വില്ലേജ് പരിധിയിൽ സ്വകാര്യ വ്യക്തികളുടെ അധീനതയിലുള്ള തണ്ണീർത്തടങ്ങളും നെൽവയലുകളും നിയമ വിരുദ്ധമായി മണ്ണിട്ട് നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത തണ്ണീർത്തടങ്ങളും നെൽവയലുകളും ഏറ്റെടുക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ ; | (ബി) പ്രസ്തുത തണ്ണീർത്തടങ്ങളും നെൽവയലുകളും നികത്തുന്നതിനെതിരെ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) പ്രസ്തുത വില്ലേജുകളുടെ പരിധിയിൽ സ്വകാര്യ വ്യക്തികളുടെ അധീനതയിലുള്ള തണ്ണീർത്തടങ്ങളുടേയും നെൽവയലുകളുടേയും വിശദാംശങ്ങൾ ഉടമകളുടെ പേര് സഹിതം ലഭ്യമാക്കുമോ? | (സി) നിലവിൽ തയ്യാറാക്കിയ ഡാറ്റാബാങ്കുകളിലെ അപാകതകൾ പൂർണ്ണമായി പരിഹരിക്കുന്നതിന് പ്രത്യേക ടീമുകൾ രൂപീകരിച്ച് പുന:പരിശോധന നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. അതിനുശേഷം മാത്രമേ സ്വകാര്യ വ്യക്തികളുടെ അധീനതയിലുള്ള തണ്ണീർത്തടങ്ങളുടേയും നെൽവയലുകളുടേയും കൃത്യമായ വിവരങ്ങൾ ലഭ്യമാവുകയുള്ളൂ. |

Rajeev

**സെക്ഷൻ ഓഫീസർ**